**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2883** **18.06.2019 ൽ മറുപടിക്ക്**

**വൈലോങ്ങര-ഓരോടം ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി**

| **ചോദ്യം**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2016-17 വർഷം സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച, മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വൈലോങ്ങര-ഓരോടം പാലം ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;<br>(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ, റിക്വസിഷൻ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;<br>(സി) അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ബൈപ്പാസ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) (ബി) & (സി) വൈലോങ്ങര - ഓരോടം പാലം ബൈപ്പാസ് കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി.ആയി നിയമിച്ചിട്ടുള്ളതാണ്. ആർ.ബി.ഡി.സി.കെ തയ്യാറാക്കി സമർപ്പിച്ച വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി, പദ്ധതി അംഗീകരിക്കുകയും 12.62 കോടി രൂപ അനുവദിക്കുകയും ചെയ്തു. തുടർന്ന് സ്ഥലമേറ്റെടുക്കാനുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചെങ്കിലും ചില സ്ഥലമുടമകളുടെ എതിർപ്പ് മൂലം നിർത്തി വയ്ക്കേണ്ടി വന്നു. |

സെക്ഷൻ ഓഫീസർ